പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3629 | 20/06/2019 ൽ മറുപടി നല്കേണ്ടത് |
|---|---|

**കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ യൂണിറ്റും പവർ ലോൺട്രിയും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി. യു. പ്രതിഭ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ യൂണിറ്റ്, പവർ ലോൺട്രി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ? | എ) | കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ യൂണിറ്റ്, പവർ ലോൺട്രി എന്നിവ സ്ഥാപിക്കുന്നതിനായി ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്ക് പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ തിരുവനന്തപുരം 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-2019 ലെ കായംകുളം നഗരസഭയുടെ പ്രോജക്ട് പ്രകാരം 30 ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചു നൽകിയത്. ടി 30 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷന് കൈമാറിയിട്ടുണ്ട്. ബാലൻസ് തുകയായ 18 ലക്ഷം രൂപ 2019-2020 നഗരസഭ പ്രോജക്ടിൽ സ്പിൽ ഓവർ ആയി അനുവദിച്ചിട്ടുണ്ട്. ടി തുക പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറുന്ന മുറയ്ക്ക് ഇലക്ട്രിക്കൽ വർക്ക് പൂർത്തീകരിച്ച് സി.ടി സ്കാനും. പവ്വർ ലോൺട്രിയും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ